2023
OCTOBER
23
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ക്രിപ്റ്റോ ആസ്തികളുടെ നിരോധനം നിലപാടിൽ മാറ്റമില്ലാതെ റിസർവ് ബാങ്ക്

**ന്യൂഡൽഹി:** ക്രിപ്റ്റോയുടെ കാര്യത്തിൽ ഇതിനകം തന്നെ ആർബിഐയുടെ നിലപാട് വ്യക്തമാക്കിയിട്ടുണ്ടെന്ന് റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ്. ക്രിപ്റ്റോ കറൻസികൾക്ക് കൃത്യമായൊരു നിയന്ത്രണ ഏജൻസി ഇല്ലാത്തതിനാൽ കള്ളപ്പണം, തട്ടിപ്പ്, തീവ്രവാദ ഫണ്ടിങ്ങിനുള്ള സാധ്യത എന്നിവ കണക്കിലെടുത്ത് എല്ലാ ക്രിപ്റ്റോകളും നിരോധിക്കണമെന്നാണ് ആർബിഐയുടെ നിലപാട്. അതേസമയം മറ്റ് നിരവധി ആപ്ലിക്കേഷനുകളിൽ ഉപയോഗിക്കുന്നതിനാൽ ക്രിപ്റ്റോയുടെ പിന്നിലുള്ള ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയെ ആർബിഐ പിന്തുണയ്ക്കുന്നുമുണ്ട്.

ഈ ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് റിസർവ് ബാങ്ക് രാജ്യത്തിൻറെ ഡിജിറ്റൽ കറൻസിയായ സെൻട്രൽ ബാങ്ക് ഡിജിറ്റൽ കറൻസി (സിബിഡിസി) പുറത്തിറക്കിയത്. നിലവിൽ ക്രിപ്റ്റോ ആസ്തികൾ നിരോധിക്കുന്നതിലെ റിസർവ് ബാങ്കിൻറെ നിലപാട് മാറ്റമില്ലാതെ തുടരുയാണ്. അന്താരാഷ്ട്ര നാണയനിധിയുടെ ഫിനാൻഷ്യൽ സ്റ്റെബിലിറ്റി ബോർഡിൻറെ സിന്തസിസ് പേപ്പറും ക്രിപ്റ്റോയിൽ ഉൾപ്പെട്ടിരിക്കുന്ന അപകടസാധ്യതകളെ ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ജി20 യോഗത്തിൽ വിവിധ രാജ്യങ്ങളിലെ ധനമന്ത്രിമാരും സെൻട്രൽ ബാങ്ക് ഗവർണർമാരും ക്രിപ്റ്റോ ആസ്തികളെക്കുറിച്ചുള്ള ചർച്ച നടത്തിയ ശേഷം ക്രിപ്റ്റോ ആസ്തികൾ നിയന്ത്രിക്കുന്നത് സംബന്ധിച്ച് സർക്കാർ ഒരു കരാറിലെത്തുമെന്ന് പ്രാദേശിക ക്രിപ്റ്റോ വ്യവസായം പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ നിലപാടിന് മാറ്റമില്ലെന്ന് തന്നെയാണ് റിസർവ് ബാങ്ക് ആവർത്തിച്ച് പറയുന്നത്. മുമ്പ് ക്രിപ്റ്റോ കറൻസികൾക്ക് സമ്പൂർണ നിരോധനം ഏർപ്പെടുത്തുന്നതിൻറെ ആവശ്യകതയെക്കുറിച്ച് ശക്തികാന്ത ദാസ് പറഞ്ഞിരുന്നു.

എന്നാൽ ക്രിപ്റ്റോ കറൻസി ആസ്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും പൂർണമായ നിരോധനം ബുദ്ധിമുട്ടേറിയതാണെന്നു അന്താരാഷ്ട്ര നാണയനിധിയുടെ ഫിനാൻഷ്യൽ സ്റ്റെബിലിറ്റി ബോർഡിൻറെ സിന്തസിസ് പേപ്പർ പറയുന്നു. ഇത്തരമൊരു നടപടി നടപ്പിലാക്കുന്നതിനുള്ള സാധ്യതയുള്ള ചെലവുകളും സാങ്കേതിക ബുദ്ധിമുട്ടുകളും ഇത് ചൂണ്ടിക്കാട്ടി. മാത്രമല്ല ക്രിപ്റ്റോ നിക്ഷേപകർക്കും എക്സ്ചേഞ്ചുകൾക്കും അനുകൂലമായുള്ള സുപ്രീംകോടതി വിധിയുള്ളതിനാൽ ക്രിപ്റ്റോ കറൻസികൾക്ക് സമ്പൂർണ നിരോധനം കേന്ദ്രത്തിന് ഏർപ്പെടുത്താനാകില്ല

## വിമാന ടിക്കറ്റ് നിരക്കുകൾ കുതിക്കുന്നു

**കൊച്ചി:** ഉത്സവകാലത്തോടനുബന്ധിച്ച് ടൂറിസം മേഖലയിൽ മികച്ച ഉണർവ് ദൃശ്യമായതോടെ രാജ്യത്ത് വിമാന ടിക്കറ്റുകളുടെ നിരക്ക് കുതിച്ചുയരുന്നു. ഇതോടൊപ്പം രാജ്യാന്തര വിപണിയിൽ ക്രൂഡ് ഓയിൽ വിലയിലുണ്ടായ വൻ വർധന കൂടി പരിഗണിച്ച് വിമാന കമ്പനികൾ ടിക്കറ്റ് നിരക്ക് വർധിപ്പിച്ചതും ഉപയോക്താക്കൾക്ക് വൻ തിരിച്ചടി സൃഷ്ടിക്കുന്നു.

ഇന്ത്യൻ സാമ്പത്തിക മേഖല പ്രതികൂല ഘടകങ്ങളെയെല്ലാം അതിജീവിച്ച് മികച്ച വളർച്ച നേരിടുന്നതിനാൽ മുമ്പൊരിക്കലും കാണാത്ത തരത്തിലുള്ള ഉണർവാണ് ടൂറിസം രംഗത്ത് ദൃശ്യമാകുന്നത്. മഹാനവമി, ദീപാവലി ആഘോഷങ്ങളോടനുബന്ധിച്ച് രാജ്യത്തെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുള്ള വിമാന സർവീസുകളിൽ ബുക്കിങ് 80 ശതമാനത്തിന് മുകളിൽ കടന്നുവെന്ന് കമ്പനികൾ അവകാശപ്പെടുന്നു.

**സൊസൈറ്റി ടുഡേ**

മഹാനവമി പ്രമാണിച്ച് ഇന്ന് ഓഫീസ് അവധിയായതിനാൽ നാളെ(24 ചൊവ്വ) പത്രം ഉണ്ടായിരിക്കുന്നതല്ല

## ഗാസയിൽ തുടരുന്നവരെ ഭീകരരായി കണക്കാക്കും

# ആക്രമണം ശക്തമാക്കുമെന്ന മുന്നറിയിപ്പുമായി ഇസ്രയേൽ

**ജറുസലം:** ഗാസയിൽ ആക്രമണം ശക്തമാക്കുമെന്ന മുന്നറിയിപ്പുമായി ഇസ്രയേൽ. വടക്കൻ ഗാസയിൽ തുടരുന്നവരെ ഹമാസ് ഭീകരരായി കണക്കാക്കും. ജനങ്ങൾ തെക്കൻ മേഖലയിലേക്ക് ഒഴിഞ്ഞു പോകണമെന്നും ഇസ്രയേൽ നിർദേശം നൽകി.

മുന്നറിയിപ്പിനു പിന്നാലെ വടക്കൻ ഗാസയിൽ ഇസ്രയേൽ ലഘുരേഖകൾ വിതറി. ലബനൻ അതിർത്തിയിലും യുദ്ധസമാനമായ സാഹചര്യമാണ് നിലവിലുള്ളത്. ഗാസ മുനമ്പിൽ കടന്നാൽ കനത്ത വില നൽകേണ്ടി വരുമെന്ന് ഹിസ്ബുല്ല അറിയിച്ചു. ഇസ്രയേലിന്റെ ആളില്ലാ വിമാനത്തിനു നേരെ ഹിസ്ബുല്ല മിസൈൽ തൊടുത്തു. ഭീകര കേന്ദ്രങ്ങളിൽ ആക്രമണം തുടരുകയാണെന്ന് ഇസ്രയേൽ വ്യക്തമാക്കി.

ഗാസയിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 4400 കടന്നു. ഇന്നലെയും ഗാസയിൽ ഇസ്രയേൽ ആക്രമണം തുടർന്നു. വീടുകൾക്കു നേരെയുണ്ടായവ്യോമാക്രമണത്തിൽ 50 പേർ കൂടി കൊല്ലപ്പെട്ടു. പിന്നാലെ ടെൽ അവീവ് ലക്ഷ്യമാക്കി ഹമാസിന്റെ റോക്കറ്റാക്രമണവുമുണ്ടായി.



കരയിലൂടെയുള്ള സൈനികനീക്കത്തിനു മുന്നോടിയായി ഹമാസ് നിയന്ത്രിത മേഖലകളിൽ ഇസ്രയേൽ വ്യോമാക്രമണം രൂക്ഷമാക്കിയിരിക്കുകയാണ്. ഈ മേഖലകളിൽ വലിയ ദുരന്തമുണ്ടാകുമെന്ന് യുഎൻ ഏജൻസികൾ മുന്നറിയിപ്പു നൽകി. ഇസ്രയേൽ സൈനികർക്ക് ആളപായം ഉണ്ടാകുന്നതു കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് വ്യോമാക്രമണം ശക്തമാക്കുന്നതെന്ന് ഇസ്രയേൽ സൈനിക വക്താവ് അഡ്മിറൽ ഡാനിയൽ ഹഗാരി പറഞ്ഞു. ഇന്നു മുതൽ ബോംബാക്രമണങ്ങളുടെ എണ്ണം വർധിപ്പിക്കുമെന്നും ഗാസയിൽനിന്ന് ജനങ്ങൾ ഒഴിഞ്ഞുപോകണമെന്നും അദ്ദേഹം പറഞ്ഞു.

അതിനിടെ ഹമാസ് ഭീകരരുടെപിടിയിലുള്ള ബന്ദികളെ മോചിപ്പിക്കാനുള്ള നീക്കങ്ങൾ സജീവമാണെന്ന് ഖത്തർ അറിയിച്ചു.

ചർച്ചകൾ തുടരുകയാണെന്നും കൂടുതൽ ബന്ദികളെ ഉടൻ മോചിപ്പിക്കുമെന്ന് ഖത്തർ വിദേശകാര്യ മന്ത്രാലയ വക്താവ് മജേദ് അൽ അൻസാരി പറഞ്ഞു. ഇതിനുള്ള ധാരണ ഉണ്ടാക്കാനുള്ള ശ്രമത്തിലാണെന്നും അദ്ദേഹം അറിയിച്ചു.



# സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗിൽ 120 താരങ്ങൾ, രജിസ്ട്രേഷൻ അവസാനിച്ചു

**കൊച്ചി:** സിയറ്റ് ഇന്ത്യൻ സൂപ്പർ ക്രോസ് റേസിങ് ലീഗിന്റെ (ഐഎസ്ആർഎൽ) ഉദ്ഘാടന സീസണിലെ താരലേലത്തിനായുള്ള രജിസ്ട്രേഷൻ അവസാനിച്ചു.

ലോകമെമ്പാടുമുള്ള 120 റൈഡർമാരാണ് ലീഗിൽ പങ്കെടുക്കാനായി രജിസ്റ്റർ ചെയ്തത്. യുഎസ്എ, സ്പെയിൻ, ഫ്രാൻസ്, ജർമനി, സ്വീഡൻ, ദക്ഷിണാഫ്രിക്ക, ഓസ്ട്രേലിയ, തായ്‌ലാൻഡ്, ഇന്തോനേഷ്യ എന്നിവിടങ്ങളിലെ സൂപ്പർ ക്രോസ് താരങ്ങളെ ഉൾപ്പെടുത്തി ആദ്യഘട്ടത്തിൽ പ്രഖ്യാപിച്ച റൈഡർ പൂളാണ് 120 താരങ്ങളായി ഉയർന്നത്.9 തവണ ഓസ്ട്രേലിയൻ എംഎക്സ്, എസ്എക്സ് ചാമ്പ്യനായ മാറ്റ് മോസ്, 4 തവണ ഇറ്റാലിയൻ സൂപ്പർക്രോസ് ചാമ്പ്യൻ ലോറെൻസോ കാംപോറെസ്, 4 തവണ ദക്ഷിണാഫ്രിക്ക ചാമ്പ്യൻ ആന്റണി റെയ്നാർഡ്, നാലുതവണ ദക്ഷിണാഫ്രിക്കൻ ചാമ്പ്യനായ ആന്റണി റെയ്നാർഡ്, 2022 പ്രിൻസ് ഓഫ് പാരീസ് ഗ്രിഗറി അരാന്ത, രണ്ടു തവണ യൂറോപ്യൻ/ഫ്രഞ്ച് വൈസ് ചാമ്പ്യൻ തോമസ് റാമറ്റ്, ജർമനിയുടെ എംഎക്സ്ജിപി റേസർ നിക്കോ കോച്ച്, ഒപ്പം യു.എസ്.എയിൽ നിന്നുള്ള എ.എം.എ എസ്.എക്സ് റൈഡർ ടി.ജെ ആൽബ്രൈറ്റ്, ഫ്രഞ്ച് എലൈറ്റ് എംഎക്സ്2 ചാമ്പ്യൻ ആന്റണി ബോർഡ്വൺ, ഇന്ത്യൻ നാഷണൽ ചാമ്പ്യൻ റഗ്വേദ് ബർഗുജെ, 2 തവണ ഇന്തോനേഷ്യ ചാമ്പ്യനായ ആനന്ദ റിഗി ആദിത്യ, 2 തവണ തായ്‌ലാൻഡ് ചാമ്പ്യനായ ബെൻ പ്രസിത് ഹാൽഗ്രെൻ എന്നീ പ്രമുഖ റൈഡർമാർ ഉദ്ഘാടന സീസണിനായി പേരുകൾ രജിസ്റ്റർ ചെയതിട്ടുണ്ട്.




ഇതുവരെ നാല് ടീമുകളുടെ പ്രഖ്യാപനമാണ് ലീഗിൽ നടന്നത്. വരും ദിവസങ്ങളിൽ കൂടുതൽ ടീമുകളെ പ്രഖ്യാപിക്കും. 450സിസി ഇന്റർനാഷണൽ, 250സിസി ഇന്റർനാഷണൽ, 250സിസി ഇന്ത്യ-ഏഷ്യ മിക്സ്, 85സിസി ജൂനിയർ ക്ലാസ് എന്നിങ്ങനെ നാല് റേസിങ് വിഭാഗങ്ങളിലായാണ് ഉദ്ഘാടന സീസൺ അരങ്ങേറുക.ആഗോളതലത്തിൽ റൈഡർമാരിൽ നിന്ന് ലഭിച്ച ശ്രദ്ധേയവും അതിശയകരവുമായ പ്രതികരണത്തിൽ തങ്ങൾ ആഹ്ലാദഭരിതരാണെന്ന് സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗിന്റെ ഡയറക്ടറും സഹസ്ഥാപകനുമായ ഈശാൻ ലോഖണ്ഡേ പറഞ്ഞു. സിയറ്റ് ഐഎസ്ആർഎലിനെ ഒരു യഥാർഥ അന്താരാഷ്ട്ര വികാരമാക്കി മാറ്റുന്നതിനുള്ള ഒരു വലിയ കുതിച്ചുചാട്ടമാണിത്. ഇന്ത്യയിലെ സൂപ്പർക്രോസ് റേസിങിന്റെ ഗുണനിലവാരം ഉയർത്തുകയും ഇന്ത്യൻ പ്രതിഭകൾക്ക് തിളങ്ങാൻ ലോകമെമ്പാടുമുള്ള ഒരു വേദി സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ദൗത്യമെന്നും, ശ്രമങ്ങൾ വിജയിക്കുമെന്ന് ഉറപ്പുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# പശ്ചിമേഷ്യൻ സംഘർഷം ലോക ശാക്തിക ചേരിയിൽ മാറ്റങ്ങളുണ്ടാക്കുമെന്ന് ടി.പി ശ്രീനിവാസൻ

**കൊച്ചി:** പശ്ചിമേഷ്യൻ സംഘർഷം എല്ലാ രാജ്യങ്ങളിലും അസംതൃപ്തി വിതച്ചതായി മുൻ അംബാസഡർ ടി.പി ശ്രീനിവാസൻ. ഐക്യരാഷ്ട്ര സഭയുടെ പരിമാറ്റച്ചട്ടം തകർക്കപ്പെട്ടു. ആഗോള സംവിധാനം ഇന്ന് എവിടെയും നിലനിൽക്കുന്നില്ല. യു എസും ചൈനയും തമ്മിലുള്ള തർക്കം പോലെ തന്നെ പല രാജ്യങ്ങൾക്കിടയിലും തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. പുതിയ ഒരു ആഗോള സംവിധാനത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നതാണ് നിലവിലെ സംഘർഷം. ലോക രാജ്യങ്ങൾക്കിടയിൽ പുതിയ സഖ്യങ്ങൾ രൂപപ്പെട്ടു. പല രാജ്യങ്ങളും ശക്തി പ്രാപിച്ചു. ഇതിന്റെ ഫലമായി മേധാവിത്വം സ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. രാജ്യങ്ങൾ തമ്മിലുണ്ടായിരുന്ന കരാറുകൾ ലംഘിക്കപ്പെട്ടു തുടങ്ങിയെന്നും അദ്ദേഹം പറഞ്ഞു. രാജ്യങ്ങൾ തമ്മിലുള്ള സഹകരണം കുറഞ്ഞു വരുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

പശ്ചിമേഷ്യൻ സംഘർഷങ്ങളെ കുറിച്ച് കേരള മാനേജ്മെന്റ് അസോസിയേഷൻ സംഘടിപ്പിച്ച ചടങ്ങിൽ സിപിപിആർ ചെയർമാൻ ഡോ.ഡി. ധനുരാജുമായി നടത്തിയ അഭിമുഖ സംഭാഷണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബൈഡന്റെ ഇസ്രായേൽ സന്ദർശനം അതീവ ഗൗരവതരമാണ്. ലോകത്തിന്റെ സമ്പൂർണ പുനഃക്രമീകരണത്തിന് പശ്ചിമേഷ്യൻ സംഘർഷം കാരണമാകുമെന്നും ശ്രീനിവാസൻ ചൂണ്ടിക്കാട്ടി. ഇന്ത്യക്ക് പലസ്തീനുമായി ബന്ധമാണുണ്ടായിരുന്നത്. ഇസ്രായേലിന് രാജ്യം പിന്തുണ പ്രഖ്യാപിച്ചതോടെ ആ ബന്ധത്തിൽ ഉലച്ചിലുണ്ടാകും. ലോക ശാക്തിക ചേരിയിൽ ചെറുതല്ലാത്ത മാറ്റങ്ങൾക്ക് ഇത് കാരണമാകുമെന്നും അദ്ദേഹം പറഞ്ഞു. യുദ്ധം സാനിപ്പിക്കുന്നതിലല്ല അമേരിക്ക ഉൾപ്പെടെയുള്ള പല രാജ്യങ്ങൾക്കും താത്പര്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




ആഗോള നേതൃത്വത്തിന്റെ അഭാവം പശ്ചിമേഷ്യൻ സംഘർഷത്തിന് കാരണമായെന്ന് ഡോ.ധനുരാജ് പറഞ്ഞു.

കഴിഞ്ഞ 40 വർഷത്തിനിടയിൽ മദ്ധ്യേഷ്യയിലുണ്ടായ സംഭവവികാസങ്ങളും സംഘർഷത്തിലേക്ക് നയിക്കാനിടയാക്കി. മദ്ധ്യേഷ്യയിലെ അരക്ഷിതാവസ്ഥയും യുദ്ധത്തിലേക്ക് നയിച്ച കാരണങ്ങളിൽ ഒന്നാണ്.

യുദ്ധത്തിന്റെ ഗതി എന്താകും എന്നതിൽ അമേരിക്കയുടെ നിലപാട് നിർണായകമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

## വിദ്യാരംഭം ; പാവക്കുളത്ത് കുരുന്നുകൾക്ക് ആദ്യാക്ഷരം പകരാൻ പ്രമുഖർ



**കൊച്ചി:** നവരാത്രി മഹോൽസവത്തിനോടനുബന്ധിച്ചുള്ള വിജയദശമി ദിനമായ നാളെ കലൂർ പാവക്കുളം ക്ഷേത്രത്തിൽ നടക്കുന്ന വിദ്യാരംഭ ചടങ്ങിനുള്ള ഒരുക്കങ്ങൾ പൂത്തിയായതായി ക്ഷേത്രസമിതി പ്രസിഡന്റ് ടി പങ്കജാക്ഷൻ, സെക്രട്ടറി വിനോദ് കരോളിൽ എന്നിവർ അറിയിച്ചു. കലാ,സാംസ്ക്കാരിക,സാമൂഹ്യ രംഗങ്ങളിലെ പ്രമുഖ വ്യക്തികൾ വിദ്യാരംഭ ചടങ്ങുകളിൽ പങ്കെടുക്കും. രാവിലെ ഏഴിന് സരസ്വതീ പൂജയോടെ ചടങ്ങുകൾക്ക് തുടക്കമാകും. 7.30 ന് പൂജയെടുപ്പ്. എട്ടു മുതൽ വിദ്യാരംഭ ചടങ്ങുകൾ ആരംഭിക്കും. ജസ്റ്റിസ് പി.ആർ രാമൻ, ചലച്ചിത്ര സംവിധായകൻ ജോഷി, ചലച്ചിത്ര സംവിധായകനും വിശ്വ ഹിന്ദുപരിഷത്ത് സംസ്ഥാന അധ്യക്ഷനുമായ വിജി തമ്പി, നടനും തിരക്കഥാകൃത്തുമായി രഞ്ജി പണിക്കർ, നടന്മാരായ ഇന്ദ്രൻസ്, ഉണ്ണിമുകുന്ദൻ, നടി അനന്യ, തിരക്കഥാകൃത്ത് അഭിലാഷ് പിള്ള, ശബരിമല,ഗുരുവായൂർ മുൻ മേൽശാന്തി എഴിക്കോട് കൃഷ്ദാസ് നമ്പൂതിരി, ഡോ.ആർ.പത്മകുമാർ തുടങ്ങിയവർ കുരുന്നുകൾക്ക് ആദ്യാക്ഷരം പകർന്നു നൽകും.

### പാവക്കുളം ക്ഷേത്രത്തിൽ ഇന്ന്

മഹാനവമി ദിനമായ ഇന്ന് പുലർച്ചെ അഞ്ചിന് ഗണപതി ഹോമവും തുടർന്ന് 6.30ന് നവരാത്രി പൂജയും നടക്കും. വൈകുന്നേരം അഞ്ചിന് കളംവരയ്ക്കൽസിദ്ധിദാത്രി ഭാവം. തുടർന്ന് നടക്കുന്ന വിശേഷാൽ പൂജയ്ക്ക് ശബരിമല,ഗുരുവായൂർ മുൻ മേൽശാന്തി ബ്രഹ്മശ്രീ എഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി മുഖ്യകാർമ്മികത്വം വഹിക്കും. വിശ്വ ഹിന്ദുപരിഷത്ത് സംഘടനാ സെക്രട്ടറി ഗിരീഷ്കുമാർ കള്ളിക്കൽ നടത്തുന്ന പ്രഭാഷണം 7 ന് , സംഗീതാർച്ചന 8ന്, തിരുവാതിര 8.30 ന്

# സിഎസ്ബി ബാങ്കിന് 265.39 കോടി രൂപ അറ്റാദായം

**കൊച്ചി:** സിഎസ്ബി ബാങ്ക് നടപ്പുസാമ്പത്തിക വർഷം ആദ്യ ആറ് മാസകാലയളവിൽ 265.39 കോടി രൂപ അറ്റാദായം രേഖപ്പെടുത്തി. മുൻ സാമ്പത്തിക വർഷം ഇതേ കാലയളവിൽ 235.07 കോടി രൂപയായിരുന്നു ലാഭം. 13 ശതമാനമാണ് ലാഭത്തിലെ വർധന.ബാങ്കിൻറെ പ്രവർത്തന ലാഭം 14 ശതമാനം വർധിച്ച് 356.06 കോടി രൂപയിലെത്തി. അറ്റ പലിശ വരുമാനം 707.71 കോടി രൂപയാണ്. പലിശേതര വരുമാനം 171 ശതമാനം ഉയർന്നതായും ബാങ്ക് അറിയിച്ചു.

സെപ്റ്റംബറിൽ അവസാനിച്ച രണ്ടാം പാദത്തിൽ ബാങ്കിൻറെ ലാഭം 133.17 കോടി രൂപയാണ്. മുൻ സാമ്പത്തിക വർഷം രണ്ടാം പാദത്തിൽ ഇത് 120.55 കോടി രൂപയായിരുന്നു. പ്രവർത്തന ലാഭം 157.36 കോടി രൂപയിൽ നിന്നും 174.63 കോടി രൂപയായി ഉയർന്നിട്ടുണ്ട്. നിക്ഷേപം 20,987 കോടി രൂപയിൽ നിന്ന് 25,438 കോടി രൂപയായും വായ്പാ ആസ്തി 17,468 കോടി രൂപയിൽ നിന്ന് 22,256 കോടി രൂപയായും ഉയർന്നു. 10,619 കോടി രൂപയുടെ സ്വർണ്ണ വായ്പകളാണ് ബാങ്ക് കഴിഞ്ഞ പാദത്തിൽ വിതരണം ചെയ്തത്.

## കൊച്ചിൻ ക്യാൻസർ സൊസൈറ്റി, വിപിഎസ് ലേക്ഷോർ മമ്മാറൺ ഇന്ന്

**കൊച്ചി:** ഡോ. വി പി ഗംഗാധരന്റെ നേതൃത്വത്തിൽ കൊച്ചിൻ ക്യാൻസർ സൊസൈറ്റിയും വിപിഎസ് ലേക്ഷോറും സംയുക്തമായി സംഘടിപ്പിക്കുന്ന മമ്മാറൺ 2023 വിപിഎസ് ലേക്ഷോർ ഹോസ്പിറ്റലിൽ നിന്ന് ഇന്നു (ഒക്ടോ 22) രാവിലെ 6 മണിക്ക് ആരംഭിക്കും. സ്തനാർബുദ അവബോധം ലക്ഷ്യമാക്കി നടത്തുന്ന മമ്മാറണ്ണിൽ വിശിഷ്ടാതിഥികളായി ദേശീയ ഹോക്കി താരം ശ്രീജേഷ്, ദേശീയ ഫുട്ബോൾ താരം സി കെ വിനീത്, ഒളിമ്പ്യൻ മധു, ഡെപ്യൂട്ടി കമ്മീഷണർ എസ് ശശിധരൻ, ചലച്ചിത്രതാരം രജീഷാ വിജയൻ, രാജീവ് പിള്ള, ശ്രീമതി ഗിരിജ വാര്യർ, 24 ന്യൂസ് മേധാവി ആർ ശ്രീകണ്ഠൻ നായർ, വിപിഎസ് ലേക്ഷോർ മാനേജിംഗ് ഡയറക്ടർ എസ് കെ അബ്ദുള്ള തുടങ്ങിയവർ പങ്കെടുക്കും. സൗജന്യ രജിസ്ട്രേഷനിൽ നടത്തുന്ന 5 കിലോമീറ്റർ, 10 കിലോമീറ്റർ ഓട്ടത്തിൽ 18 വയസ്സിനു മുകളിലുള്ള ആയിരത്തോളം പേർ പങ്കെടുക്കും. 10 കിലോമീറ്റർ മമ്മാറണ്ണിന് സമ്മാനത്തുകയും പ്രഖ്യാപിച്ചിട്ടുണ്ട്. തൃപ്പൂണിത്തുറ റണ്ണേഴ്സിന്റെ സഹകരണത്തിലാണ് മമ്മാറൺ നടത്തുക. ക്യാൻസറിനെ അതിജീവിച്ചവർ, ആദർശ് സ്പെഷ്യൽ സ്കൂളിലെ കുട്ടികൾ തുടങ്ങിയവരും മമ്മാറണ്ണിന്റെ ഭാഗമാകും. മമ്മാറണ്ണിന് ശേഷം ബിജു മല്ലരിയുടെ സംഗീത പരിപാടിയും ഉണ്ടായിരിക്കുന്നതാണ്.



# തൈറോയ്ഡ് ഗ്രന്ഥിയിലെ മുഴ കഴുത്തിൽ മുറിവുകളില്ലാതെ ലിസി ആശുപത്രിയിൽ വിജയകരമായി നീക്കം ചെയ്തു

**കൊച്ചി:** നോർത്ത് പറവൂർ സ്വദേശിയായ ഇരുപത്തിയഞ്ചുകാരനിൽ ആണ് അപൂർവ്വമായ ഈ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്. തൈറോയ്ഡ് ഗ്രന്ഥിയിലെ മുഴ കഴുത്തിൽ പാടുകളില്ലാതെ നീക്കം ചെയ്യണമെന്ന ആഗ്രഹുമായി രണ്ടാഴ്ച മുൻപാണ് ഈ യുവാവ് സർജിക്കൽ ഓങ്കോളജി വിഭാഗത്തിലെ ഡോ. സന്ദീപ് സുരേഷിനെ കാണുന്നത്.

വിവിധ വിഭാഗത്തിലെ മറ്റ് ഡോക്ടർമാരുമായി ചർച്ച ചെയ്ത ശേഷം വെല്ലുവിളി നിറഞ്ഞ ആ ദൗത്യം ഡോക്ടർ ഏറ്റെടുക്കുകയായിരുന്നു. ലാപ്രോസ്കോപ്പി ഉപകരണങ്ങൾ വായിലൂടെ കടത്തി ട്രാൻസ് ഓറൽ എൻഡോസ്കോപ്പിക് തൈറോയ്ഡെക്റ്റമി വെസ്റ്റിബുലാർ അപ്രോച്ച് സർജറിയിലൂടെയാണ് അഞ്ച് മണിക്കൂർ കൊണ്ട് തൈറോയ്ഡ് ഗ്രന്ഥിയിലെ മുഴ നീക്കം ചെയ്തത്.

ഇന്ത്യയിൽ തന്നെ അപൂർവ്വം ആശുപത്രികളിൽ മാത്രമാണ് ഇത്തരം ശസ്ത്രക്രിയകൾ വിജയകരമായി നടന്നിട്ടുള്ളത്. ശസ്ത്രക്രിയക്ക് ശേഷം പൂർണ്ണ ആരോഗ്യവാനായ യുവാവ് ആശുപത്രി വിട്ടു.

ഡോ. ഹരികുമാർ ഉണ്ണി, ഡോ. അരുൺ പീറ്റർ മാത്യു, ഡോ. രാഹുൽ ജോർജ്, ഡോ. റോസ്മി ജോസ്, ഡോ. പ്രേമ ആന്റണി, ഡോ. കെ. രാജീവ്, ഡോ. പാർവതി സനൽകുമാർ, ഡോ. അരുൺ എസ്. മേനോൻ എന്നിവർ ശസ്ത്രക്രിയയിലും തുടർ ചികിത്സയിലും പങ്കാളികളായിരുന്നു.

ലിസി ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ, ജോ. ഡയറക്ടർ ഫാ. റോജൻ നങ്ങേലിമാലിൽ, അസി. ഡയറക്ടർമാരായ ഫാ. ഷനു മൂഞ്ഞേലി, ഫാ. ഡേവിസ് പടന്നക്കൽ, ഫാ. ജെറ്റോ തോട്ടുങ്കൽ, ചികിത്സയ്ക്ക് നേതൃത്വം നൽകിയ ഡോക്ടർമാർ, സ്റ്റാഫംഗങ്ങൾ എന്നിവർക്കൊപ്പം മധുരം പങ്ക് വച്ചാണ് യുവാവ് ആശുപത്രി വിട്ടത്.

# ട്രോമ കെയർ പരിശീലനം അടെൽകിന്റെ നേതൃത്വത്തിൽ വികേന്ദ്രീകരിക്കും: മന്ത്രി വീണാ ജോർജ്

**കൊച്ചി:** സംസ്ഥാനത്തെ ട്രോമ കെയർ പരിശീലനം അപെക്സ് ട്രോമ ആന്റ് എമർജൻസി ലേണിങ് സെന്ററിന്റെ നേതൃത്വത്തിൽ വികേന്ദ്രീകരിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അടിയന്തര സാഹചര്യം നേരിടുന്നതിന് പരിശീലകർക്കുള്ള പരിശീലനം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം അടെൽകിൽ ആരംഭിച്ചു. അത്യാധുനിക സിമുലേഷൻ ബേസ്ഡ് ടീച്ചിംഗിൽ പരിശീലകരുടെ പരിശീലർക്കുള്ള മാസ്റ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാമാണ് ആരംഭിച്ചത്.



ഒക്ടോബർ 16 മുതൽ 21 വരെ രണ്ട് ബാച്ചുകളിലായാണ് പരിശീലനം സംഘടിപ്പിച്ചത്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റും സിമുലേഷൻ വിദഗ്ധരും സംയുക്തമായാണ് പരിശീലനം സംഘടിപ്പിച്ചത്. മെഡിക്കൽ കോളേജുകളിൽ നിന്നും നഴ്സിംഗ് കോളേജുകളിൽ നിന്നുമുള്ളവർക്കാണ് പരിശീലനം നൽകിയത്.

സംസ്ഥാനത്തെ എല്ലാ വിഭാഗത്തിലുള്ള ഡോക്ടർമാർക്കും നഴ്സുമാർക്കും എമർജൻസി കെയറിൽ പരിശീലനം ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. ആദ്യഘട്ടത്തിൽ 150 ഓളം മാസ്റ്റേഴ്സ് ട്രെയ്നർമാർക്കാണ് പരിശീലനം നൽകിയത്.

നൂതന സിമുലേഷൻ ടെക്നോളജിയിലും എമർജൻസി കെയറിലും അത്യാധുനിക സങ്കേതികവിദ്യ ഉപയോഗിച്ചായിരുന്നു പരിശീലനം നൽകിയത്. മനുഷ്യ ശരീരത്തോട് സാമ്യമുള്ള അത്യാധുനിക മാനികിനുകളിലായിരുന്നു പരിശീലനം. സിപിആർ, എമർജൻസി കെയർ എന്നിവയിൽ വിദഗ്ധ പരിശീലനം നൽകി.

ഈ മാസ്റ്റേഴ്സ് ട്രെയിനർമാർ മറ്റ് ഡോക്ടർമാർക്കും, മെഡിക്കൽ വിദ്യാർത്ഥികൾക്കും നഴ്സുമാർക്കും, നഴ്സിംഗ് അസിസ്റ്റന്റുമാർക്കും പരിശീലനം നൽകാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. 1.5 കോടി രൂപയുടെ അത്യാധുനിക ഉപകരണങ്ങളാണ് സെന്ററിൽ വിദഗ്ധ പരിശീലനത്തിനായി സജ്ജമാക്കിയിരിക്കുന്നത്. ഇതിനോടകം 15,000ലധികം പേർക്ക് സെന്ററിലൂടെ വിവിധ പരിശീലനങ്ങൾ നൽകാനായി.

# മെഡിക്കൽ കോളേജിലെ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും കൊച്ചി കാൻസർ സെന്ററിന്റെയും നിർമ്മാണം പുരോഗമിക്കുന്നു

**കൊച്ചി:** കളമശ്ശേരിയിലെ എറണാകുളം മെഡിക്കൽ കോളജിലെ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും കൊച്ചി കാൻസർ റിസർച്ച് സെന്ററിന്റെയും നിർമ്മാണ സൈറ്റുകൾ സന്ദർശിച്ച് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് നിർമ്മാണ പുരോഗതി വിലയിരുത്തി. നിർമ്മാണം വേഗത്തിലാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകി.

സന്ദർശനത്തിനു ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നിർവഹണ ഏജൻസികളെയും പങ്കെടുപ്പിച്ചു ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു. നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ ഇടപെടൽ വേണ്ട വിഷയങ്ങളിൽ അടിയന്തര ഇടപെടലിനായി മന്ത്രി തലത്തിൽ പ്രത്യേക യോഗം ഉടൻ ചേരും.

വൈദ്യുതി, മെഡിക്കൽ ഗ്യാസ് സിസ്റ്റം, റൂഫിംഗ്, ലിഫ്റ്റുകൾ സ്ഥാപിക്കൽ തുടങ്ങിയ കാര്യങ്ങൾ പൂർത്തിയാക്കുന്നതിന് സമയക്രമവും യോഗത്തിൽ നിശ്ചയിച്ചു. പരമാവധി വേഗത്തിൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്ന് യോഗത്തിൽ ധാരണയായി.

ഉപകരണങ്ങൾ ഉൾപ്പെടെ കൊച്ചി കാൻസർ റിസർച്ച് സെന്ററിനായി 449 കോടി രൂപയാണ് നിലവിൽ ചെലവ് വരുന്നത്. ആദ്യഘട്ടത്തിൽ 100 കിടക്കകളാകും ഉണ്ടാകുക. ഇറക്കുമതി ചെയ്യേണ്ടത് ഉൾപ്പെടെ 210 കോടി രൂപയുടെ ഉപകരണങ്ങൾ വേണ്ടി വരും. നിലവിൽ എറണാകുളം ഗവ.മെഡിക്കൽ കോളജിലെ കെട്ടിടത്തിലാണ് കാൻസർ സെന്റർ പ്രവർത്തിക്കുന്നത്. കളമശേരിയിലെ മെഡിക്കൽ കോളജിന്റെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് 368 കോടി രൂപ ചെലവിൽ 8 നിലയിൽ 8.27 ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിലാണ് സജ്ജമാകുന്നത്.

മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എസ്. പ്രതാപ്, മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. എം. ഗണേഷ് മോഹൻ, കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ ഡയറക്ടർ ഡോ. പി.ജി ബാലഗോപാൽ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# നഗരം സുന്ദരം ക്യാമ്പയിൻ: ജനകീയ പങ്കാളിത്തത്തോടെ കൊച്ചിയെ മാലിന്യമുക്തമാക്കും

**കൊച്ചി:** കൊച്ചിയെ മാലിന്യമുക്തമാക്കി മാറ്റുന്ന നഗരം സുന്ദരം ക്യാമ്പയിൻ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കും. മാലിന്യ സംസ്കരണത്തിൽ ജനങ്ങളുടെ ഉത്തരവാദിത്വം ബോധ്യപ്പെടുത്തുകയാണ് ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. ക്യാമ്പയിനിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു.

മാലിന്യ സംസ്ക്കരണത്തിന് കൊച്ചിയെ ലോകത്തിന് മുന്നിൽ മികച്ച മാതൃകയാക്കി മാറ്റും. കൊച്ചി കോർപ്പറേഷനു പുറമേ തൃക്കാക്കര, മരട്, തൃപ്പൂണിത്തുറ, കളമശ്ശേരി നഗരസഭകളിലും മുളവുകാട്, ചേരാനല്ലൂർ പഞ്ചായത്തിലുമാണ് പദ്ധതി നടപ്പാക്കുന്നത്. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ശുചിത്വ മിഷൻ, ഹരിത കേരള മിഷൻ, കേരള ഖരമാലിന്യ സംസ്കരണ പദ്ധതി, കുടുംബശ്രീ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

മൂന്നുമാസത്തിലധികം നീണ്ടുനിൽക്കുന്ന ക്യാമ്പയിനിന്റെ ആദ്യഘട്ടത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ്തല സമിതികൾ രൂപീകരിച്ചും പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തും. തുടർന്ന് പദ്ധതി നടപ്പാക്കുന്ന പ്രദേശത്തെ വീടുകളിലേയും സ്ഥാപനങ്ങളിലേയും മാലിന്യങ്ങൾ ശേഖരിച്ച് ശുചിത്വമിഷൻ എംപാനൽഡ് സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ തരം തിരിക്കും. താൽക്കാലിക മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ എല്ലാ വാർഡുകളിലും രൂപീകരിച്ചാണ് മാലിന്യങ്ങൾ തരംതിരിക്കുക. രണ്ടാഴ്ച നീണ്ടുനിൽക്കുന്ന മാലിന്യം വേർതിരിക്കുന്ന പ്രക്രിയ നേരിട്ട് കണ്ട് മനസിലാക്കുന്നതിന് വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കും. ക്യാമ്പയിനിന്റെ ഭാഗമായി സെമിനാറുകളും സംഘടിപ്പിക്കും.

കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ ജില്ലാ വികസന കമ്മീഷണർ എം.എസ് മാധവിക്കുട്ടി, തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ പി.എം ഷെഫീഖ്, എറണാകുളം ആർ.ടി.ഒ ജി.അനന്തകൃഷ്ണൻ, നവകേരളം കർമ്മ പദ്ധതി ജില്ല കോ ഓഡിനേറ്റർ എസ്.രഞ്ജിനി, ഹുസൂർ ശിരസ്തദാർ ബി. അനിൽകുമാർ, ശുചിത്വമിഷൻ പ്രോഗ്രാം ഓഫീസർ ധന്യ ജോസി, കേരള ഖരമാലിന്യ സംസ്കരണ പദ്ധതി സോഷ്യൽ എക്സ്പേർട്ട് എസ്.വിനു, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ഹീറോയുടെ രാജ്യത്തെ ആദ്യ അത്യാധുനിക പ്രീമിയം ഡീലർഷിപ്പ് ഹീറോ പ്രീമിയ കേരളത്തിൽ




**കൊച്ചി:** പ്രീമിയം ഉപഭോക്തൃ അനുഭവത്തിന്റെ പുതിയ യുഗത്തിന് തുടക്കം കുറിച്ചുകൊണ്ട് ലോകത്തെ ഏറ്റവും വലിയ മോട്ടോർസൈക്കിൾ, സ്കൂട്ടർ നിർമ്മാതാക്കളായ ഹീറോ മോട്ടോകോർപ്പ് അവരുടെ ആദ്യ പ്രീമിയം ഡീലർഷിപ്പായ ഹീറോ പ്രീമിയ കേരളത്തിൽ ആരംഭിക്കുന്നു. കോഴിക്കോടാണ് ഉപഭോക്താക്കൾക്ക് പ്രീമിയം വിൽപ്പന, സേവന അനുഭവം ലഭ്യമാക്കുന്നതിന് നിർണ്ണായക പങ്കുവഹിക്കുന്ന ഡീലർഷിപ്പ് പ്രവർത്തനം ആരംഭിക്കുന്നത്.ആധുനിക വാസ്തുവിദ്യ, ആകർഷകമായ രൂപകൽപ്പന, ഏറെ നേരം മുഴുകാൻ തോന്നിക്കുന്ന നവയുഗ ഡിജിറ്റൽ സാങ്കേതിക വിദ്യകൾ എന്നിവയെല്ലാം ചേർന്ന് സന്ദർശകർക്ക് പുതിയ ഒരു ഓട്ടോമോട്ടീവ് അനുഭവമായിരിക്കും പ്രീമിയ നൽകുക. ബെസ്റ്റ്ഇൻക്ലാസ് പ്രീമിയം ഉടമസ്ഥ അനുഭവം ഉപഭോക്താക്കൾക്ക് നൽകുന്നതിനായി പ്രൊഫഷണലായി പരിശീലനം ലഭിച്ച സെയിത്സ് കൺസൾട്ടന്റുമാർ ഇവിടെ ഉണ്ടായിരിക്കും. അവർ ഉപഭോക്താക്കൾക്ക്, ഓരോ വ്യക്തികളുടേയും സഞ്ചാര ആവശ്യത്തിന് അനുസൃതമായ, വിൽപ്പനാ ഉപദേശം നൽകും.

ഹീറോ മോട്ടോകോർപ്പിന്റെ പ്രീമിയം ഉൽപ്പന്നങ്ങളുടെ നിര മുഴുവൻ ഹീറോ പ്രീമിയയിൽ പ്രദർശിപ്പിക്കും. ഇതിൽ പുതുതായി പുറത്തിറക്കിയ ഫ്ളാഗ്ഷിപ്പ് മോട്ടോർസൈക്കിളായ കരിസ്മ എക്സ്എംആറും ഉണ്ടായിരിക്കും. നഗരത്തിലെ ഉപഭോക്താക്കൾക്ക് പരിസ്ഥിതി സൗഹാർദ്ദപരമായ ഫലപ്രദമായ ബദൽ എന്ന നിലയ്ക്ക് വാഗ്ദാനം ചെയ്യുന്ന വിദ വി1 സ്കൂട്ടറുകളും ഇവിടെ പ്രദർശിപ്പിക്കും. വൈദ്യുത വാഹനങ്ങൾ ആഗ്രഹിക്കുന്ന വർദ്ധിച്ചു വരുന്ന ഉപഭോക്താക്കളുടെ ആവശ്യം പരിഗണിച്ച് രൂപം നൽകിയിട്ടുള്ളതാണ് ഇത്. അതോടൊപ്പം തന്നെ ഹീറോ മോട്ടോകോർപ്പ് ആദ്യമായി സഹകരിച്ചു കൊണ്ട് വികസിപ്പിച്ചെടുത്ത മോട്ടോർസൈക്കിളായ ഹാർലിഡേവിഡ്സൺ എക്സ് 440ഉം ഇവിടെ അനുഭവിച്ച് അറിയുവാനായി പ്രദർശിപ്പിക്കും.പ്രസ്തുത വേളയെ കുറിച്ച് പരാമർശിക്കവെ ഹീറോ മോട്ടോകോർപ്പിന്റെ ഇന്ത്യാ ബിസിനസ് യൂണിറ്റ് ചീഫ് ബിസിനസ് ഓഫീസറായ ശ്രീ രൺജീവ്ജിത്ത് സിങ്ങ് പറഞ്ഞു,

ഇന്ത്യയിലെ ആദ്യ പ്രീമിയം ഡീലർഷിപ്പിന്റെ വാതിലുകൾ ഞങ്ങൾ തുറക്കുമ്പോൾ മോട്ടോർസൈക്കിളുകളുടേയും സ്കൂട്ടറുകളുടേയും വൈവിധ്യമാർന്ന പ്രദർശനം മാത്രമല്ല ഞങ്ങൾ വാഗ്ദാനം ചെയ്യുന്നത്. മറിച്ച് പ്രീമിയവും നവീനവും സുസ്ഥിരവുമായ ഭാവിയുടെ സഞ്ചാര സാധ്യതകളാണ് ഞങ്ങൾ മുന്നോട്ട് വയ്ക്കുന്നത്. 2024 ധനകാര്യ വർഷത്തിൽ ഇന്ത്യയിലുടനീളം പ്രീമിയം റീട്ടെയ്ൽ അനുഭവം ഞങ്ങളുടെ കമ്പനി നിർണ്ണായകമാംവിധം ശക്തിപ്പെടുത്തും.കരിസ്മ എക്സ്എംആർ, ഹാർലിഡേവിഡ്സൺ എക്സ് 440 എന്നീ പുതിയ പ്രീമിയം ഉൽപ്പന്നങ്ങൾ ഈ വർഷം പുറത്തിറക്കിയതോടെ ഹീറോ മോട്ടോകോർപ്പിന്റെ പ്രീമിയം ഉൽപ്പന്ന നിര മുൻപെന്നത്തേക്കാളും കരുത്തുറ്റതായി മാറി. ഞങ്ങളുടെ പുതുപുത്തൻ പ്രീമിയം റീട്ടെയ്ൽ ചാനലായ ഹീറോ പ്രീമിയ വരാനിരിക്കുന്ന മാസങ്ങളിൽ വമ്പൻ വിജയമായി മാറും എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.

ഒരു കുടക്കീഴിൽ ഉപഭോക്താക്കൾക്ക് എല്ലാ ബ്രാൻഡ് അനുഭവങ്ങളും ഒരുമിച്ച് വാഗ്ദാനം ചെയ്യുന്ന ഹീറോ പ്രീമിയ വെറുമൊരു വിൽപ്പന കേന്ദ്രം മാത്രമല്ല, മറിച്ച് സമാനതകളില്ലാത്ത ഉന്നത നിലവാരമുള്ള ബ്രാൻഡ് അനുഭവം നൽകും എന്ന ഞങ്ങളുടെ വാഗ്ദാനത്തിന്റെ ദൃഷ്ടാന്തം കൂടിയാണ്.

## യുടിഐ മാസ്റ്റർഷെയറിന് 15.49 ശതമാനം നേട്ടം

**കൊച്ചി:** യുടിഐ മാസ്റ്റർ ഷെയർ നിലവിൽ വന്ന ശേഷം ഇതുവരെ 15.49 ശതമാനം നേട്ടം ലഭ്യമാക്കിയതായി 2023 ആഗസ്റ്റ് 31ലെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. അടിസ്ഥാന സൂചികയായ എസ്&പി ബിഎസ്ഇ 100 ടിആർഐ 14.25 ശതമാനം നേട്ടം കൈവരിച്ച സാഹചര്യത്തിലാണ് മാസ്റ്റർഷെയറിന്റെ ഈ പ്രകടനം. പദ്ധതി ആരംഭിച്ചപ്പോൾ നിക്ഷേപിച്ചിരുന്ന 10 ലക്ഷം രൂപ 20.56 കോടി രൂപയായി വളർന്നു എന്നാണിതു ചൂണ്ടിക്കാട്ടുന്നത്.

കഴിഞ്ഞ 37 വർഷങ്ങളിലായി 206 മടങ്ങിലേറെ വരുമാനം ലഭ്യമാക്കുന്ന രീതിയിലാണ് ഈ നേട്ടം. മുഖ്യമായും ലാർജ് ക്യാപ് കമ്പനികളിൽ നിക്ഷേപിക്കുന്ന ഓപൺ എൻഡഡ് ഇക്വിറ്റി പദ്ധതിയാണ് യുടിഐ മാസ്റ്റർഷെയർ.

ഇന്ത്യയിലെ ആദ്യത്തെ ഓഹരി അധിഷ്ഠിത പദ്ധതി കൂടിയാണ് 1986 ഒക്ടോബറിൽ ആരംഭിച്ച യുടിഐ മാസ്റ്റർഷെയർ യൂണിറ്റ് സ്കീം. 11,458 കോടി രൂപയുടെ നിക്ഷേപമാണ് 2023 സെപ്റ്റംബർ 30ലെ കണക്കുകൾ പ്രകാരം പദ്ധതിയിലുള്ളത്.

## കേരളം നെറ്റ് സീറോ കാർബൺ എമിഷൻ സംസ്ഥാനമായി മാറും: കെ എൻ ബാലഗോപാൽ



**കൊല്ലം:** കേരളം 2050 തോടെ സീറോ കാർബൺ എമിഷൻ സംസ്ഥാനമായി മാറുമെന്ന് ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ. കരീപ്ര ഗ്രാമപഞ്ചായത്ത് ഹരിതതീർഥം പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പരമാവധി കാർബൺ എമിഷൻ കുറച്ച് പ്രകൃതിയെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ നടത്തണം. അതിനായി വിപുലമായ പദ്ധതികൾ സർക്കാർ കൈകൊണ്ടിട്ടുണ്ട്. കരീപ്ര ഗ്രാമപഞ്ചായത്തും വെളിയം ഗ്രാമപഞ്ചായത്തും നെറ്റ് സീറോ കാർബൺ എമിഷൻ പഞ്ചായത്തുകളായി തിരഞ്ഞെടുത്തിട്ടുണ്ട് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ഏകോപനത്തോടെ അനെർട്ടിന്റെ സാങ്കേതികസഹായം പ്രയോജനപ്പെടുത്തി 20 ഏക്കറോളം വിസ്തൃതിയുള്ള ആഴമേറിയ പാറ ക്വാറിയിലെ ജലം കൃഷിക്കും അനുബന്ധ ആവശ്യങ്ങൾക്കുമായി പ്രയോജനപ്പെടുത്തുന്ന പദ്ധതിയാണ് ഹരിത തീർഥം. സൗരോർജത്തിൽ പ്രവർത്തിക്കുന്ന മോട്ടറുകൾ ഉപയോഗിച്ചാണ് വെള്ളം പമ്പ് ചെയ്യുന്നത്. കുടിവെള്ളത്തിനായി ഉപയോഗിക്കാനുള്ള സാധ്യതകൾ പരിശോധിക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

ചടങ്ങിൽ കരീപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി എസ് പ്രശോഭ അധ്യക്ഷയായി. നവകേരളം പദ്ധതി സംസ്ഥാന കോഡിനേറ്റർ ഡോ ടി എൻ സീമ മുഖ്യ പ്രഭാഷണം നടത്തി. നവകേരളം പദ്ധതി ജില്ലാ കോഡിനേറ്റർ എസ് ഐസക്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഭിലാഷ്, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, തുടങ്ങിയവർ പങ്കെടുത്തു.

## നോർത്ത് പറവൂരിൽ ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങൾക്ക് ബോണറ്റ് നമ്പർ നൽകി

**കൊച്ചി:** നോർത്ത് പറവൂരിലെ ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങൾക്ക് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ബോണറ്റ് നമ്പർ നൽകി. കുറ്റൂക്കാരൻ പോളിടെക്നിക്ക് കോളേജ് ക്യാമ്പസിൽ നടന്ന പരിപാടി എറണാകുളം എൻഫോഴ്സ്മെന്റ് ആർ.ടി.ഒ എസ്.പി സ്വപ്ന ഉദ്ഘാടനം ചെയ്തു.

നോർത്ത് പറവൂർ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എൻ.വിനോദ് കുമാർ, ജോയിന്റ് ആർ.ടി.ഒ എൻ. സലിം വിജയകുമാർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരായ സി.സി വിനീഷ്, സി.എം അൻസാർ, പി.ജെ അനീഷ്, കുറ്റൂക്കാരൻ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പൽ ജിൽജ രാജേഷ്, സൂര്യ ഡ്രൈവിംഗ് സ്കൂൾ ഉടമ എം. കെ ശിവപ്രസാദ് എന്നിവർ സംസാരിച്ചു.

എസ്.സി.എം.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ആദർശ് കുമാർ ജി നായർ, എ.കെ.എം.ഡി.എസ്.ഐ സൊസൈറ്റി പ്രസിഡന്റ് സുധാകരൻ നെയ്ശേരി, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എൻ.വിനോദ് കുമാർ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങളുടെ കാര്യക്ഷമത പരിശോധിച്ചതിനു ശേഷമാണ് ബോണറ്റ് നമ്പർ നൽകിയത്.

## സേവ് ഫുഡ് ഷെയർ ഫുഡ് ഷെയർ ജോയ് പദ്ധതി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

**കൊച്ചി:** ഫുഡ്സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ സേവ് ഫുഡ് ഷെയർ ഫുഡ് ഷെയർ ജോയ് എന്ന പദ്ധതി പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. കെ എച്ച് ആർ എ ഹാളിൽ സംഘടിപ്പിച്ച ബോധവൽക്കരണ ക്ലാസ് ജില്ലാ ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ രഘുനാഥക്കുറുപ്പ് ഉദ്ഘാടനം ചെയ്തു. ജില്ലാ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ പി കെ ജോൺ വിജയകുമാർ അധ്യക്ഷത വഹിച്ചു. കൊച്ചിൻ സർക്കിൾ ഭക്ഷ്യ സുരക്ഷ ഓഫീസർ നിമിഷ ഭാസ്കർ സേവ് ഫുഡ് ഷെയർ ഫുഡ് ഷെയർ ജോയ് എന്ന വിഷയത്തിൽ സെമിനാർ നയിച്ചു.

കെ എച്ച് ആർ എ, ബേക്കേഴ്സ് അസോസിയേഷൻ, ഓൾ കേരള കാറ്ററിംഗ് അസോസിയേഷൻ, കോൺഫെഡറേഷൻ ഓഫ് ഓൾ കേരള കാറ്ററേഴ്സ് അസോസിയേഷൻ, എൻ ജി ഒ തുടങ്ങിയ സംഘടനകളുടെ സഹകരണത്തോടെയാണ് ബോധവൽക്കരണ ക്ലാസ് നടത്തിയത്. നവംബർ ഒന്നു മുതൽ ജില്ലയിൽ പദ്ധതി സജീവമായി നടപ്പിലാക്കുവാൻ യോഗത്തിൽ തീരുമാനിച്ചു.

തൃക്കാക്കര ഭക്ഷ്യ സുരക്ഷാ ഓഫീസർ ചൈത്ര ഭാരതി, പറവൂർ സർക്കിൾ ഭക്ഷ്യ സുരക്ഷാ ഓഫീസർ സിന്ധ്യ ജോസ് എന്നിവർ പങ്കെടുത്തു.

## ടെൻഡർ ക്ഷണിച്ചു

**പള്ളുരുത്തി:** ബ്ലോക്ക് പഞ്ചായത്ത് 202324 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള മത്സ്യതൊഴിലാളികൾക്കായി ചെറിയ തടി വള്ളം പദ്ധതിക്കായി വള്ളം നിർമ്മിച്ച് വിതരണം ചെയ്യുന്നതിനായി അംഗീകൃത സ്ഥാപനങ്ങളിൽ, ഏജൻസികളിൽ നിന്നു ടെൻഡർ ക്ഷണിച്ചു. ടെൻഡർ സമർപ്പിക്കേണ്ട അവസാന തിയതി ഒക്ടോബർ 30 ഉച്ചയ്ക്ക് 2 വരെ. കൂടുതൽ വിവരങ്ങൾ ഓഫീസിൽനിന്നും അറിയാം. ഫോൺ: 0484 2232162.




## സേവ് ഫുഡ് ഷെയർ ഫുഡ് ഷെയർ ജോയ് പദ്ധതി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

**കൊച്ചി:** ഫുഡ്സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ സേവ് ഫുഡ് ഷെയർ ഫുഡ് ഷെയർ ജോയ് എന്ന പദ്ധതി പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. കെ എച്ച് ആർ എ ഹാളിൽ സംഘടിപ്പിച്ച ബോധവൽക്കരണ ക്ലാസ് ജില്ലാ ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ രഘുനാഥക്കുറുപ്പ് ഉദ്ഘാടനം ചെയ്തു. ജില്ലാ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ പി കെ ജോൺ വിജയകുമാർ അധ്യക്ഷത വഹിച്ചു. കൊച്ചിൻ സർക്കിൾ ഭക്ഷ്യ സുരക്ഷ ഓഫീസർ നിമിഷ ഭാസ്കർ സേവ് ഫുഡ് ഷെയർ ഫുഡ് ഷെയർ ജോയ് എന്ന വിഷയത്തിൽ സെമിനാർ നയിച്ചു.

കെ എച്ച് ആർ എ, ബേക്കർഴ്സ് അസോസിയേഷൻ, ഓൾ കേരള കാറ്ററിംഗ് അസോസിയേഷൻ, കോൺഫെഡറേഷൻ ഓഫ് ഓൾ കേരള കാറ്ററേഴ്സ് അസോസിയേഷൻ, എൻ ജി ഒ തുടങ്ങിയ സംഘടനകളുടെ സഹകരണത്തോടെയാണ് ബോധവൽക്കരണ ക്ലാസ് നടത്തിയത്. നവംബർ ഒന്നു മുതൽ ജില്ലയിൽ പദ്ധതി സജീവമായി നടപ്പിലാക്കുവാൻ യോഗത്തിൽ തീരുമാനിച്ചു.

തൃക്കാക്കര ഭക്ഷ്യ സുരക്ഷാ ഓഫീസർ ചൈത്ര ഭാരതി, പറവൂർ സർക്കിൾ ഭക്ഷ്യ സുരക്ഷാ ഓഫീസർ സിന്ധ്യാ ജോസ് എന്നിവർ പങ്കെടുത്തു.

## കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി (202324) അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്ക്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി. വിഭാഗം വിദ്യാർത്ഥികളിൽ പ്രതിവർഷം 1500/ രൂപ വീതം സ്കോളർഷിപ്പ് അനുവദിക്കുന്ന "കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതിയിലേക്ക് (202324)" പിന്നാക്ക വിഭാഗ വികസന വകുപ്പ് അപേക്ഷ ക്ഷണിച്ചു.

മുൻവർഷം വാർഷിക പരീക്ഷയിൽ 90% ഉം, അതിൽ കൂടുതൽ മാർക്കും, ഹാജരും, 2.50 ലക്ഷം രൂപ വരെ വരുമാനം ഉള്ളവരെയാണ് ഈ പദ്ധതി പ്രകാരം പരിഗണിക്കുന്നത്. വിദ്യാർത്ഥികൾ സ്ക്കൂളുകളിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി 2023 നവംബർ 15. ലഭ്യമായ അപേക്ഷകൾ സ്ക്കൂൾ അധികൃതർ ലഴൃമഥേ 3.0 എന്ന പോർട്ടലിലൂടെ 2023 നവംബർ 30 വരെ ഓൺലൈൻ വഴി ഡാറ്റാ എൻട്രി പൂർത്തീകരിക്കേണ്ടതാണ്. വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന സർക്കുലർ (അപേക്ഷാ ഫോറം മാതൃക ഉൾപ്പടെ) www.egratnz.kerala.gov.in, www.bcdd.kerala.gov.inഎന്നീ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ എറണാകുളം മേഖലാ ആഫീസ് 0484 2983130.

## കായംകുളം കോടതി സമുച്ചയം ഉദ്ഘാടനം നാളെ

**കായംകുളം:** പുതിയതായി നിർമിച്ച കായംകുളം കോടതി സമുച്ചയത്തിൻറെ ഉദ്ഘാടനം 24ന് രാവിലെ 10.30ന് ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ നിർവഹിക്കും.

മന്ത്രി പി. രാജീവ് അധ്യക്ഷത വഹിക്കും. യു. പ്രതിഭ എംഎൽഎ, ജില്ലാ സെഷൻസ് ജഡ്ജ് ജോബിൻ സെബാസ്റ്റ്യൻ തുടങ്ങിയവർ മുഖ്യപ്രഭാഷണം നടത്തും. സംസ്ഥാന സർക്കാരിൻറെ കിഫ്ബി ഫണ്ടിൽനിന്നു 15.96 കോടി രൂപ വിനിയോഗിച്ചാണ് പുതിയ കെട്ടിട സമുച്ചയം നിർമിച്ചത്. 40,000 ചതുരശ്ര അടി വിസ്തീർണത്തിൽ കേരളീയ വാസ്തുശില്പകലാ മാതൃകയിൽ ആധുനിക സൗകര്യങ്ങളോടുകൂടി നിർമിച്ച കെട്ടിടത്തിനു മൂന്നു നിലകളുണ്ട്.

മജിസ്ട്രേറ്റ് കോർട്ട് ഹാൾ, നടുമുറ്റം, ഓഫീസ് ബ്ലോക്ക്, അദാലത്ത് ഹാൾ, ബാർ അസോസിയേഷൻ ഹാൾ, ലൈബ്രറി, ഗുമസ്തന്മാർക്കുള്ള മുറികൾ, വനിതാ അഭിഭാഷകർക്കുള്ള മുറികൾ, മീഡിയേഷൻ ഹാൾ, ഇൻറർലോക്ക് പാകൽ, ചുറ്റുമതിൽ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.

ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടസമുച്ചയം എന്ന കായംകുളത്തിൻറെ ദീർഘകാലത്തെ ആവശ്യമാണ് യാഥാർഥ്യമായത്.

# ഓരോ വീട്ടുമുറ്റത്തും മൃഗസംരക്ഷണ വകുപ്പിന്റെ സേവനം ഉറപ്പാക്കും



**ആലപ്പുഴ:** എല്ലാവരുടെയും വീട്ടുമുറ്റത്തേക്ക് മൃഗ ഡോക്ടർമാർ ഉൾപ്പെടെയുള്ള മൃഗസംരക്ഷണ വകുപ്പിന്റെ സേവനങ്ങൾ ഉറപ്പാക്കുമെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചു റാണി പറഞ്ഞു. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ പുലിയൂർ ക്യാംപസിൽ നിർമിച്ച സ്റ്റാഫ് ക്വാർട്ടേഴ്സുകൾ ഉൾപ്പെടുന്ന ഫ്ളാറ്റ് സമുച്ചയത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

വകുപ്പിന്റെ സേവനങ്ങൾ വീടുകളിലേക്ക് കൂടി എത്തിക്കാനായി കേന്ദ്രത്തിൽ നിന്നും അനുവദിച്ച 4.5 കോടി രൂപ വിനിയോഗിച്ച് 29 വാഹനങ്ങൾ 29 ബ്ലോക്കുകളിലായി നൽകിയെന്നും ബാക്കി 129 ബ്ലോക്കുകളിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ചതായും മന്ത്രി പറഞ്ഞു.

കേരളത്തിൽ ഏറ്റവും കൂടുതൽ കാടക്കുഞ്ഞുങ്ങൾ ഉത്പാദിപ്പിക്കുന്ന ഹാച്ചറിയായി ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയെ ഉയർത്തിക്കൊണ്ടു വരുക എന്ന ലക്ഷ്യമാണ് വകുപ്പിനുള്ളത്. കേന്ദ്ര ഫണ്ടിന്റെ അപര്യാപ്തത മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടെങ്കിലും കേരളത്തിൽ നിലവിലുള്ള ഫണ്ട് ഉപയോഗിച്ച് വളരെ കൃത്യതയോടെയാണ് കാര്യങ്ങൾ ചെയ്യുന്നത്. ഹാച്ചറി നവീകരിച്ച് പുതിയ പേരന്റ് സ്റ്റോക്കിനെ കൊണ്ടുവന്ന് കോഴിയുടെയും മുട്ടയുടെയും ഉത്പാദനം കൂട്ടി കോഴികളെ വിരിയിച്ച് കർഷകർക്ക് വളർത്താനായി നൽകണമെന്നും കാര്യക്ഷമമായി തന്നെ ഫാമിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകണമെന്നും മന്ത്രി പറഞ്ഞു. നൂറോളം വരുന്ന ഹാച്ചറിയിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപെടുത്താനുള്ള നടപടികൾ പൂർത്തീകരണ ഘട്ടത്തിലാണെന്നും മന്ത്രി പറഞ്ഞു.

ക്വാർട്ടേഴ്സ് സമുച്ചയത്തിൽ നടന്ന ചടങ്ങിൽ ഫിഷറീസ് സാംസ്കാരിക മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ചു. കൊടിക്കുന്നിൽ സുരേഷ് എം.പി. മുഖ്യപ്രഭാഷണം നടത്തി. ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.എം. സലീം, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ എ.കൗശികൻ, പുലിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.ജി. ശ്രീകുമാർ, വൈസ് പ്രസിഡന്റ് റ്റി.റ്റി ശൈലജ, ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ വത്സല മോഹൻ, മൃഗസംരക്ഷണ വകുപ്പ് അഡിഷണൽ ഡയറക്ടർ ഡി.കെ. വിനുജി, ജില്ല മൃഗസംരക്ഷണ ഓഫീസർ നമിത നായിക്, ബ്ലോക്ക് പഞ്ചായത്ത് അംഗം സുജാ രാജീവ്, ചെങ്ങന്നൂർ നഗരസഭ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ റ്റി. കുമാരി, പുലിയൂർ ഗ്രാമപഞ്ചായത്ത് അംഗം രതി സുഭാഷ്, ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി പ്രൊഡക്ഷൻ മാനേജർ എസ്. സന്തോഷ്, പൊതുമരാമത്ത് കെട്ടിട വിഭാഗം സൂപ്രണ്ടിംഗ് എൻജിനീയർ എം. ജി ലൈജു മറ്റു രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

3.95 കോടി രൂപ ചെലവഴിച്ചാണ് 15 സ്റ്റാഫ് ക്വാർട്ടേഴ്സുകൾ ഉൾപ്പെടുന്ന ഫ്ളാറ്റ് സമുച്ചയം നിർമിച്ചത്. മൂന്ന് നിലകളുള്ള രണ്ടു ഫ്ലാറ്റുകളാണ് ജീവനക്കാരുടെ ക്വാർട്ടേഴ്സിനായി നിർമ്മിച്ചിട്ടുള്ളത്. ടൈപ്പ് 1 ക്വാർട്ടേഴ്സിൽ മൂന്ന് നിലകളായി 60 ച. മി വീതം വിസ്തീർണ്ണമുള്ള ഒൻപത് ക്വാർട്ടേഴ്സുകളാണുള്ളത്. ആകെ വിസ്തൃതി 850 ചതുരശ്ര മീറ്ററാണ്. ടൈപ്പ് 2 ക്വാർട്ടേഴ്സിൽ മൂന്നുനിലകളിലായി 80 ച.മി വീതം വിസ്തീർണ്ണമുള്ള ആറ് ക്വാർട്ടേഴ്സുകളാണുള്ളത്. കെട്ടിടങ്ങൾക്ക് ചുറ്റും പേവർ ബ്ലോക്കുകൾ വിരിക്കുകയും വാഹന പാർക്കിംഗിനായി ഷെഡ് റീടൈനിംഗ് വാൾ, ഓട, കോൺക്രീറ്റ് റോഡ് എന്നിവയും നിർമ്മിച്ചിട്ടുണ്ട്.

# ഗുരുവായൂർ റെയിൽവേ മേൽപ്പാലം ഉദ്ഘാടനം: നവംബർ ആദ്യവാരം



**ഗുരുവായൂർ:** റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ പ്രവൃത്തികളും ഒക്ടോബർ മാസത്തോടെ പൂർത്തീകരിക്കും. മണ്ഡലകാല ആരംഭത്തിനു മുമ്പേ മേൽപ്പാലം തുറന്ന് നൽകും. എൻ കെ അക്ബർ എംഎൽഎ യുടെ അധ്യക്ഷതയിൽ ചേർന്ന റെയിൽവേ മേൽപ്പാല അവലോകന യോഗത്തിലാണ് എംഎൽഎ തീരുമാനം അറിയിച്ചത്.

മേൽപ്പാലത്തിനു താഴെയുള്ള സ്ഥലത്ത് ഓപ്പൺ ജിം, പ്രഭാത സവാരിക്കുള്ള സംവിധാനം, ഇരിപ്പിടം എന്നിവ എംഎൽഎ ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് അടിയന്തരമായി തയ്യാറാക്കി നൽകാൻ ഗുരുവായൂർ നഗരസഭ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് എംഎൽഎ നിർദ്ദേശം നൽകി. തിരുവങ്കിടം അടിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് ഡിസൈൻ അപ്പ്രൂവൽ നടപടികൾ നടക്കുന്നതായും ഈ മാസം തന്നെ അതിനുള്ള നടപടികൾ പൂർത്തിയാക്കി റെയിൽവേ ബോർഡിന് സമർപ്പിക്കുമെന്ന് കെറെയിൽ അധികൃതർ യോഗത്തെ അറിയിച്ചു. യോഗശേഷം എൻ കെ അക്ബർ എംഎൽഎ യുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ കെ ജി സുരേഷ്, നഗരസഭ ഉദ്യോഗസ്ഥർ, റെയിൽവേ, പൊതുമരാമത്ത് ഉദ്യോഗസ്ഥർ എന്നിവർ മേൽപ്പാലം സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തി.

ഗുരുവായൂർ നഗരസഭാ കോൺഫറൻസ് ഹാളിൽ ചേർന്ന അവലോകന യോഗത്തിൽ ഗുരുവായൂർ എസിപി കെ ജി സുരേഷ്, നഗരസഭ സെക്രട്ടറി എച്ച് അഭിലാഷ്, എഞ്ചിനീയർ ഇ ലീല, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, ആർ ബി ഡി സി ഉദ്യോഗസ്ഥർ, കരാറുകാർ തുടങ്ങിയവർ പങ്കെടുത്തു.

# ആദ്യ പൊതുമേഖലാ തേനീച്ച വളർത്തൽ ഉപകരണ നിർമ്മാണ യൂണിറ്റ് ചേർത്തലയിൽ

**ആലപ്പുഴ:** ഭക്ഷണ രീതികളിൽ മാറ്റം കൊണ്ടുവരേണ്ടത് രോഗങ്ങളിൽ നിന്നും രക്ഷ നേടുന്നതിന് ആവശ്യമാണെന്നും യാതൊരുവിധ ആരോഗ്യ പ്രശ്നങ്ങളുമില്ലാത്ത പാനീയമാണ് തേൻ എന്നും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി പ്രസാദ്. രാജ്യത്തെ ആദ്യ പൊതുമേഖലാ തേനീച്ച വളർത്തൽ ഉപകരണ നിർമ്മാണ യൂണിറ്റ് ചേർത്തല കളവംകോടത്ത് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

തേനീച്ച വളർത്തലിന്റെ എല്ലാ ഉപകരണങ്ങളും ലഭിക്കുന്ന നിലയിലുള്ള സംവിധാനമാണ് വയലാറിൽ ഒരുക്കിയിട്ടുള്ളതെന്നും ഇത് കേരളത്തിലെ ആദ്യത്തേതാണെന്നും മന്ത്രി പറഞ്ഞു. ഭക്ഷണത്തിൽ ശുദ്ധമായ തേൻ ശീലമാക്കണം. ഏറ്റവും ഗുണമേന്മയുള്ള തേനീച്ച പെട്ടികളാണ് ഹോർട്ടികോർപ്പ് വഴി ഇവിടെ നൽകുന്നത്. വേറെ എവിടെ കിട്ടുന്നതിലും മിതമായ നിരക്കിൽ ഉപകരണങ്ങൾ ലഭ്യമാക്കും.

മികച്ച വരുമാനം ലഭിക്കുന്നതിനും തേനീച്ച വളർത്തൽ സഹായകമാകും. ഇവിടത്തെ കർഷകർ ശേഖരിക്കുന്ന അത്രയും



തേൻ സംഭരിക്കാനുള്ള നടപടികൾ ഹോർട്ടികോർപ് ഏറ്റെടുക്കും. ഇന്ത്യയ്ക്ക് ആകെ മാതൃകയാകുന്ന നല്ലൊരു യൂണിറ്റായി ഇതിനെ മാറ്റണമെന്നും മന്ത്രി പറഞ്ഞു. തേനിന്റെ ഔട്ട്ലെറ്റും ഹോർട്ടികോർപ്പിന്റെ തേനുമായി ബന്ധപ്പെട്ട മൂല്യവർധിത ഉൽപ്പന്നങ്ങൾ പ്രത്യേകമായി വിപണനം ചെയ്യുന്ന കേന്ദ്രവും ചേർത്തലയിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളതായും മന്ത്രി പറഞ്ഞു.

ചടങ്ങിൽ ഹോർട്ടികോർപ് ചെയർമാൻ അഡ്വ. എസ്. വേണുഗോപാൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന അവാർഡ് ലഭിച്ച തേനീച്ച കർഷകരെ ജില്ല പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.എസ്. ശിവപ്രസാദ് ആദരിച്ചു. ഉപകരണങ്ങളുടെ ആദ്യ വിൽപ്പന വയലാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഓമന ബാനർജി നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.ജി നായർ, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് അംഗം അർച്ചന ഷൈൻ, ഗ്രാമപഞ്ചായത്ത് അംഗം ദീപക് വി. ദാസ്, സംസ്ഥാന യുവജന ക്ഷേമ ബോർഡ് അംഗം ടി.ടി. ജിസ്മോൻ, ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ ജെ. സജീവ്, ഹോർട്ടികോർപ്പ് റീജിയണൽ മാനേജർ ബി. സുനിൽ, ഗുജറാത്ത് നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ് ഡെപ്യൂട്ടി ജനറൽ മാനേജർ റോമി ജേക്കബ്, ജില്ല കൃഷി ഓഫീസർ ഇൻ ചാർജ് സുജ ഈപ്പൻ, പൂനെ ദേശീയ തേനീച്ച ഗവേഷണ പരിശീലന കേന്ദ്രം പ്രോജക്ട് ഇൻവെസ്റ്റിഗേറ്റർ ഡോ. ഡെയ്സി തോമസ്, ഹോർട്ടികോർപ് ജില്ല മാനേജറും കൃഷി അസിസ്റ്റന്റ് ഡയറക്ടറുമായ കെ.സിന്ധു, മറ്റു ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

തേനീച്ച കർഷകർക്ക് മിതമായ നിരക്കിൽ ഉയർന്ന നിലവാരമുള്ള ഉപകരണം വാഗ്ദാനം ചെയ്യുന്ന രാജ്യത്തെ പൊതുമേഖലയിലെ ആദ്യത്തെ പ്ലാന്റാണിത്. തേനീച്ചക്കൂടുകൾ നിർമ്മിക്കുന്നതിനുള്ള എല്ലാ യന്ത്രങ്ങളും കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രൊഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (ഹോർട്ടികോർപ്പ്) കീഴിലുള്ള ഈ യൂണിറ്റിൽ സ്ഥാപിച്ചിട്ടുണ്ട്. തേനീച്ചവളർത്തൽ പദ്ധതിയുടെ വിപുലീകരണത്തിന്റെ ഭാഗമായി നാഷണൽ ബി കീപ്പിംഗ് ആൻഡ് ഹണി മിഷന്റെ സാമ്പത്തിക സഹായത്തോടെയാണ് തേനീച്ച വളർത്തൽ ഉപകരണ നിർമ്മാണ യൂണിറ്റ് ആരംഭിച്ചത്.

തേനിച്ചവളർത്തൽ ഉപകരണങ്ങളായ തേനീച്ചകൂടുകൾ, തേനെടുപ്പുയന്ത്രം, പുകയന്ത്രം, തേനടക്കത്തി, മുഖാവരണി, പെട്ടിക്കാൽ, റാണിക്കൂട്, റാണി വാതിൽ, ഡിവിഷൻ ബോർഡ് എന്നിവ നിർമ്മിച്ച് കർഷകർക്ക് വിപണനം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്.

# കാൻസർ നിർണയ യജ്ഞവുമായി ജനറൽ ആശുപത്രി

**കൊച്ചി:** കൊച്ചി കോർപറേഷൻ പരിധിയിൽ സമ്പൂർണ സ്തനാർബുദ നിർണയ പദ്ധതിയുമായി എറണാകുളം ജനറൽ ആശുപത്രി. വീടുകളിലെത്തി രോഗം സംശയിക്കുന്നവരെ കണ്ടെത്തി അവർക്ക് വിദഗ്ധ പരിശോധനയ്ക്ക് അവസരമൊരുക്കി രോഗം സ്ഥിരീകരിക്കുകയും തുടർചികിത്സ ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിക്കാണ് ആരംഭം കുറിച്ചിരിക്കുന്നത്.




കൊച്ചി കോർപറേഷനുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയുടെ ഒന്നാം ഘട്ടം അടുത്തമാസം 10 ന് കഴിയും. തുടർന്ന് മെഗാ മെഡിക്കൽ ക്യാമ്പും രോഗം സ്ഥിരീകരിക്കപ്പെടുന്നവർക്ക് ജനറൽ ആശുപത്രിയുടെ പുതിയ കാൻസർ ചികിത്സാ കേന്ദ്രത്തിൽ സൗജന്യ ചികിത്സയും ലഭ്യമാക്കും.

ആദ്യഘട്ടമായി കോർപറേഷനിലെ 74 ഡിവിഷനുകളിലും വീടുകളിലെത്തിയുള്ള പരിശോധനകൾ നടന്നുവരികയാണ്. ആശാ വർക്കർമാരും കുടുംബശ്രീ പ്രവർത്തകരുമടക്കം നാലുപേരാണ് ഓരോ ടീമിലുമുള്ളത്. മുൻകൂട്ടി തയാറാക്കിയ ചോദ്യങ്ങൾക്ക് ലഭിക്കുന്ന ഉത്തരങ്ങളെ അടിസ്ഥാനമാക്കി ഇവർ പ്രാഥമിക വിലയിരുത്തലിലെത്തും. രോഗസാധ്യതയുള്ള ആളാണോയെന്ന് കണ്ടെത്തുന്നതിന് ഇവർക്ക് ജനറൽ ആശുപത്രി നേരിട്ട് പരിശീലനം നൽകിയിരുന്നു.

വീടുകൾ കയറിയുള്ള പരിശോധന സംഘത്തിന്റെ റിപ്പോർട്ട് അടുത്ത മാസം 10 ന് ജനറൽ ആശുപത്രിയിലെ കാൻസർ ഡിപ്പാർട്ട്മെൻറിനു കൈമാറും. തുടർന്ന് റിപ്പോർട്ടിൽ സൂക്ഷ്മ പരിശോധന നടത്തിയ ശേഷം രോഗം സംശയിക്കുന്നവരെ ഡിവിഷൻ തലത്തിൽ നടത്തുന്ന സ്തനാർബുദ നിർണയ മെഗാ ക്യാമ്പിലേക്ക് അയയ്ക്കും. 12ന് രാവിലെ എട്ട് മുതൽ വൈകുന്നേരം നാല് വരെയാണ് മെഗാ മെഡിക്കൽ ക്യാമ്പ്. 74 ഡിവിഷനിലും ഒരേ ദിവസം ക്യാമ്പ് നടക്കും.

ഒരു ഡോക്ടർ, നേഴ്സ്, സഹായികൾ എന്നിങ്ങനെ ഓരോ ക്യാമ്പിലും ഉണ്ടാകും. 500 വോളിൻഡിയർമാരെയാണ് ക്യാമ്പ് നടത്തിപ്പിനായി 74 ഡിവിഷനുകളിലും നിയോഗിക്കുന്നത്.

സ്തനാർബുദം സ്ഥിരീകരിക്കുന്നവർക്ക് ജനറൽ ആശുപത്രിയുടെ കാൻസർ ചികിത്സാ കേന്ദ്രത്തിൽ വിദഗ്ധ ചികിത്സ നൽകും. പദ്ധതി വിജയിച്ചാൽ രണ്ടാംഘട്ടമായി ഗർഭാശയത്തിലേയും വായിലേയും കാൻസർ രോഗ നിർണം സമാന രീതിയിൽ നടത്തുമെന്ന് ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. ഷാഹിൽ ഷാ പറഞ്ഞു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663